GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/07/2026

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, കിസാൻ സർവീസ് സൊസൈറ്റി (NGO), സുൽത്താൻ ബത്തേരി മുൻസിപ്പാലിറ്റി എന്നിവയുടെ നേതൃത്വത്തിൽ വയനാട് ഹിൽസ് ഫാമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി സംഘടിപ്പിക്കുന്ന അവക്കാഡോ ഫെസ്റ്റ് & ഇൻവെസ്റ്റേഴ്സ് മീറ്റ് 2026 ജൂലൈ 31 ന് സുൽത്താൻ ബത്തേരി മുനിസിപ്പൽ ടൗൺ ഹാളിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് ഉൽഘാടനം ചെയ്യുന്നു. 2026 ജൂലൈ 31, ആഗസ്റ്റ് 1 തീയതികളിലായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇന്ത്യയിലെ പ്രശസ്തരായ 20 സയന്റിസ്റ്റുകൾ പങ്കെടുക്കുന്ന വയനാട് ഇൻവേസ്റ്റേഴ്സ് മീറ്റും കൂടാതെ അവക്കാഡോ കൃഷി പരിപാലനം സംഭരണം, സംസ്കരണം എന്നിവിഷയത്തിൽ ക്ലാസുകൾ ഉണ്ടായിരി

ക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 7012621314/ 9845580223 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടാം.

2. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി പെരുമ്പാവൂർ മുനിസിപ്പൽ കൃഷിഭവന്റെ നേതൃത്വത്തിൽ കർഷക ദിനത്തിൽ കർഷകരെ ആദരിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. 10 വിവിധ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. മുൻവർഷങ്ങളിൽ ആദരിച്ച കർഷകരെ അവാർഡിനായി പരിഗണിക്കുന്നതല്ല. അപേക്ഷിക്കുന്ന കർഷകർ കൃഷി വകുപ്പിന്റെ കതിർ ഐഡി നമ്പർ അപേക്ഷയിൽ രേഖപ്പെ ടുത്തണം. താൽപ്പര്യമുള്ള കർഷകർ കൃഷിഭവനിൽ നിന്ന് ലഭിക്കുന്ന അപേക്ഷാ ഫോറത്തിൽ അപേക്ഷകൾ ജൂലൈ 31 നകം കൃഷി ഭവനിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് **9383470860** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാം

3. തൃശ്ശൂർ ജില്ലയിലെ കർഷകർക്കായി കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ (KSAMM), മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ **“കാർഷിക യന്ത്ര പരിരക്ഷണം" ക്യാമ്പ്** " 2026 ഓഗസ്റ്റ് 3 മുതൽ 14 വരെ സംഘടിപ്പിക്കുന്നു. ക്യാമ്പിൽ പെട്രോൾ, ഡീസൽഎൻജിൻ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എല്ലാ കാർഷിക യന്ത്രങ്ങളുടെയും പരിശോധന, സർവീസിംഗ്, അറ്റകുറ്റപ്പണികൾ എന്നിവ വിദഗ്ധരുടെ നേതൃത്വത്തിൽ നടത്തുന്നതാണ്.

ബ്രഷ് കട്ടർ, പവർ സോ, ഗാർഡൻ ടില്ലർ, ഹെഡ്ജ് ട്രിമ്മർ തുടങ്ങിയ ചെറുകിട കാർഷിക യന്ത്രങ്ങൾ ക്യാമ്പിൽ വെച്ച് സൗജന്യമായി പരിശോധിക്കുന്നതും വേണ്ടുന്ന അറ്റകുറ്റപ്പണികൾ നിർദ്ദേശിക്കുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് 8281200673 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

4. വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗം പഴം- പച്ചക്കറി സംസ്കരണം എന്ന വിഷയത്തിൽ ഓഗസ്റ്റ് 4ന് പരിശീലന പരിപാടി നടത്തും. കൂടുതൽ വിവരങ്ങൾക്ക് 8089076698 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) “പഴം-പച്ചക്കറി സംസ്കരണവും വിപണനവും" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. മൂന്ന് മാസമാണ് കോഴ്സിന്റെ ദൈർഘ്യം. മലയാളം ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. കോഴ്സ് ആരംഭിക്കുന്ന തിയ്യതി 2026 ആഗസ്റ്റ് 17 ആണ്. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങള് www.celkau.in വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com എന്ന ഇ-

മെയിൽ വഴിയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

6. കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി: AIF പദ്ധതികളിലേക്ക് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം. കർഷകരുടെയും കാർഷിക സംരംഭകരുടെയും കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് മികച്ച പിന്തുണ നൽകുന്ന കാർഷിക അടിസ്ഥാന സൗകര്യ വികസന വായ്പ പദ്ധതിയിൽ (Agriculture Infrastructure Fund – AIF) അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള **അവസാന തീയതി സെപ്റ്റംബർ 30 വരെ** ദീർഘിപ്പിച്ചതായി കൃഷി ഡയറക്ടറേറ്റ് അറിയിച്ചു. പദ്ധതിയുടെ ഭാഗമായി 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 7 വർഷത്തേക്ക് 3 ശതമാനം സബ്സിഡിയോട് കൂടി 6 ശതമാനം പലിശക്കാണ് കാർഷിക വായ്പകൾ ലഭ്യമാകുക. കൂടാതെ, ക്രെഡിറ്റ് ഗ്യാരണ്ടി കവറിന്റെ പരിധിയിൽ വരുന്ന 2 കോടി രൂപ വരെയുള്ള വായ്പകൾക്ക് അധിക ഈട് നൽകേണ്ടതില്ല എന്നതും പദ്ധതിയുടെ പ്രധാന ആകർഷണമാണ്. കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർധിത ഉൽപ്പന്ന നിർമാണം, ശീതീകരണ ശൃംഖല, കാർഷിക യന്ത്രവത്കരണം, ഡ്രോൺ സേവന കേന്ദ്രങ്ങൾ, കാർഷിക ലോജിസ്റ്റിക്സ് തുടങ്ങി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് AIF പദ്ധതിയിലൂടെ ധനസഹായം ലഭ്യമാക്കാം. PMFME,

SMAM, MIDH, SHM ഉൾപ്പെടെയുള്ള കേന്ദ്ര-സംസ്ഥാന സബ്സിഡി പദ്ധതികളുമായി സംയോജിപ്പിച്ചും AIF പദ്ധതിയുടെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താൻ സാധിക്കും. പദ്ധതിയുടെ വിശദാംശങ്ങൾക്കായി കർഷകരും കാർഷിക സംരംഭകരും സമീപത്തെ ബാങ്ക് ശാഖകളുമായോ കൃഷിഭവനുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾ www.agriinfra.dac.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനതല പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുമായി ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പറുകൾ: 8137008197, 8921540233, 9020060507.